# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.★250 20.03.2015 ൽ മറുപടിക്ക്**

**സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.വി.രാജേഷ്<br>,, എ.കെ.ബാലൻ<br>,, സി.കൃഷ്ണൻ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ വി കെ ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവയുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നുണ്ടോ ; | എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്ക് നിലവിൽ ശോച്യാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തന്നെ പൂർത്തീകരിച്ച് വരുന്നുണ്ട്.<br>ദേശീയപാതകളുടെ കാര്യത്തിൽ, പോട്ട് ഹോളുകളോ, ടാറിംഗ് സർഫസിൽ കേടുപാടുകളോ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ ഓർഡിനറി റിപ്പയർ ഫണ്ട് ഉപയോഗിച്ച് ഉടൻ തന്നെ അറ്റകുറ്റപണികൾ നടത്തുകയും കേന്ദ്ര സർക്കാരിൽ നിന്ന് വാർഷിക പദ്ധതി, പീരിയോഡിക്കൽ റിന്യൂവൽ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് റീസർഫിംഗ് നടത്തി പൂർണ്ണമായ രീതിയിൽ ഗതാഗതയോഗ്യമാക്കാറുണ്ട്.<br>കെ എസ് ടി പി യിൽ നിർമ്മിച്ച റോഡുകളെല്ലാം ഇപ്പോൾ സഞ്ചാരയോഗ്യമാണ്. |
| ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | ബി) ചുരുക്കം ചില റോഡുകളിൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്ന പ്രവൃത്തികളാലും, ഇലക്ട്രിക്ക് പോസ്റ്റുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം കാരണവും, കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങളും ചില സ്ഥലങ്ങളിൽ കോടതി വ്യവഹരങ്ങളും കാരണം പ്രവൃത്തികളിൽ കാലതാമസം നേരിടുന്നുണ്ട് |

| | | | |
|---|---|---|---|
| സി) | സർക്കാരിന് ടാർ വാങ്ങിയ വകയിൽ ഭാരത് പെട്രോളിയത്തിന് തുക നൽകാനുണ്ടോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയെന്ന് വിശദമാക്കാമോ; ഇക്കാരണത്താൽ അവർ ടാർ വിതരണം നിർത്തിവെച്ചിട്ടുണ്ടോ; | സി) | ടാർ വാങ്ങിയ വകയിൽ ഭാരത് പെട്രോളിയം കോർപ്പറേഷന് നിലവിൽ 60.24 കോടി രൂപ നൽകാനുണ്ട്. ഇക്കാരണത്താൽ ഇപ്പോൾ ടാർ വിതരണത്തിൽ തടസ്സം നിലവിലില്ല. |
| ഡി) | കുടിശ്ശിക ലഭിക്കാത്തതുമൂലമുള്ള കരാറുകാരുടെ പിന്മാറ്റവും അസംസ്കൃത വസ്തുക്കളുടെ ലഭ്യത നിലച്ചതും റോഡ് നിർമ്മാണ / നവീകരണ പ്രവർത്തനങ്ങൾ നിലയ്ക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | കരാറുകാർക്കുള്ള കുടിശ്ശികയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഒരു പരിധി വരെ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും പാരിസ്ഥിതിക പ്രശ്നങ്ങളും, കോടതി ഇടപെടലുകളും മറ്റും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള കേന്ദ്ര പദ്ധതികളെ ബാധിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കളായ മണൽ, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവ് ദേശീയപാതാ വിഭാഗത്തിലെ നിർമ്മണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തടസ്സമായിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ച് നടപടികൾ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ